പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1900 04.12.2018-ലെ മറുപടിക്ക്

**കോതമംഗലം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നുള്ള ദീർഘദൂര സർവ്വീസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആന്റണി ജോൺ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം കെ.എസ്.ആർ.ടി.സി ഡിപ്പോയുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | യാത്രക്കാർക്കും, കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് മാനവവിഭവശേഷി പരമാവധി ഉപയോഗപ്പെടുത്തി സർവ്വീസുകൾ/ട്രിപ്പുകൾ കാര്യക്ഷമമായി ഓപ്പറേറ്റ് ചെയ്തുവരുന്നു. ഈ സർക്കാരിന്റെ കാലാവധിയിൽ 5 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഗാരേജ് നവീകരണത്തിന്റെ ഭാഗമായി, ഇംപാക്ട് റെഞ്ചുകൾ, പോർട്ടബിൾ ഗ്രീഡിംഗ് എക്യുപ്പ്മെന്റ്, ഏസി / ഡിസി കൺവർട്ടർ, ടയർ ചെയ്ഞ്ചിംഗ് ടൂൾസ് കിറ്റ് തുടങ്ങിയവയും അനുവദിച്ചിട്ടുണ്ട് ബഹു. മുൻ എം.എൽ.എ ശ്രീ.ടി.യു. കുരുവിളയുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് യാർഡ് കോൺക്രീറ്റിംഗ് ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പുതുതായി എത്ര ഷെഡ്യൂൾ ആരംഭിച്ചുവെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ; | (ബി) | പുതുതായി ഷെഡ്യൂളുകൾ ആരംഭിച്ചിട്ടില്ല. |
| (സി) | കോതമംഗലത്ത് നിന്നും സംസ്ഥാനത്തിന്റെ വടക്ക് തെക്ക് ഭാഗങ്ങളിലേക്ക് പുതുതായി ദീർഘദൂര സർവ്വീസ് ആരംഭിക്കുന്നത് പരിഗണിക്കുമോ; | (സി) | കോതമംഗലത്ത് നിന്നും സംസ്ഥാനത്തിന്റെ വടക്ക്, തെക്ക് ഭാഗങ്ങളിലേയ്ക്ക് പുതുതായി സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ സർവ്വീസുകൾ ക്രമീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) | കോതമംഗലത്ത് നിന്നും ഏറെ തീർത്ഥാടകർ സഞ്ചരിക്കുന്ന | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | വേളാങ്കണ്ണിയിലേക്കും, പളനിയിലേക്കും പുതുതായി ദീർഘദൂര സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | |
| (ഇ) | എങ്കിൽ കോതമംഗലത്ത് നിന്നും വേളാങ്കണ്ണി,പളനി തീർത്ഥാടന കേന്ദ്രങ്ങളിലേക്ക് പുതിയ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ ? | (ഇ) | അന്തർസംസ്ഥാന സർവ്വീസുകൾ അന്തർ സംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്നത്. തമിഴ് നാട്ടുമായി നിലവിലുള്ള അന്തർ സംസ്ഥാന കരാറുകളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ കോതമംഗലത്തു നിന്നും വേളാങ്കണ്ണി, പളനി എന്നിവിടങ്ങളിലേയ്ക്ക് സർവ്വീസ് നടത്താൻ നിർവ്വാഹമില്ല. |

**സെക്ഷൻ ഓഫീസർ**